# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 217 — 10/10/2011-ൽ മറുപടിയ്ക്ക്

## ഡ്രഗ്ഗ് ഇൻഫർമേഷൻ സെൻററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്:<br>ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീമതി. ഗീതാ ഗോപി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | രോഗികൾക്ക് ആശുപത്രിയിൽ നിന്ന് കുറിച്ചു നൽകുന്ന മരുന്നുകളെ സംബന്ധിച്ച സംശയ നിവാരണത്തിനായി ആശുപത്രികളിൽ ഇപ്പോൾ ഡ്രഗ്ഗ് ഇൻഫർമേഷൻ സെൻററുകൾ പ്രവർത്തി ക്കുന്നുണ്ടോ; | (എ)<br>(ബി)<br>&<br>(സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അലുമിനി അസോസിയേഷൻെറ (പൂർവ വിദ്യാർത്ഥി സംഘടന) സഹകരണത്തോടെ കഴിഞ്ഞ മൂന്നു കൊല്ലമായി ഒരു ഡ്രഗ്ഗ് ഇൻഫർമേഷൻ സെൻറർ പ്രവർത്തിച്ചു വരുന്നുണ്ട്. ശരാശരി 10 മുതൽ 20 വരെ ചോദ്യങ്ങൾ ദിവസവും ലഭിക്കാറുണ്ട്.<br>ആരോഗ്യവകുപ്പിൻെറ കീഴിലുള്ള ആശുപത്രികളിൽ പ്രത്യേക ഡ്രഗ്ഗ് ഇൻഫർമേഷൻ സെൻററുകൾ ഇല്ല. എന്നാൽ ഒ.പി. വിഭാഗം രോഗികൾക്ക് മരുന്നുകളെ കുറിച്ചുള്ള വിവരങ്ങൾ ഫാർമസിസ്റ്റുകളും ഇൻ-പേഷ്യൻറ് വിഭാഗത്തിൽ രോഗികൾക്ക് നൽകുന്ന മരുന്നുകളെക്കുറിച്ചുള്ള വിവരങ്ങൾ സ്റ്റാഫ് നേഴ്സുമാരും നൽകി വരുന്നുണ്ട്. ഇതിനായി പ്രത്യേകം സെൻററുകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഇല്ലെങ്കിൽ ആശുപത്രികളിൽ ഇത്തരം സെൻററുകൾ ആരംഭിക്കുവാനുദ്ദേശിക്കു ന്നുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ